07/03/2026

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. K S  **Editor:** Dr. G.Pramodkumar

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/03/2026

1. നഗരപ്രദേശങ്ങളിൽ കൃഷിരീതികൾ വ്യാപകമാക്കുന്നതിന്റെ ഭാഗമായി വെള്ളായണി സെന്റർ ഫോർ അഗ്രികൾച്ചറൽ ഇന്നൊവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫറിന്റെ (CAITT) ആഭിമുഖ്യത്തിൽ ടെറസ് ഫാമിംഗിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. വീടിന്റെ പരിമിതമായ സ്ഥലസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി എങ്ങനെ വിഷരഹിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാം എന്നതിന് മുൻഗണന നൽകിയാണ് പരിശീലനം. നഗരങ്ങളിലെ പരിമിതമായ സ്ഥലത്ത് കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ എല്ലാ സാങ്കേതിക വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ "ഹാൻഡ്ബുക്ക് ഓൺ അർബൻ അഗ്രിക്കൾച്ചർ" എന്ന പുസ്തകവും, കൃഷി സംബന്ധമായ സംശയങ്ങൾ ഉൽപ്പന്നങ്ങളുടെ വിപണനത്തിനുമായി ദൂരീകരിക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ https://www.urbanagri.coav.in എന്ന ഇ-കോമേഴ്സ് ഓൺലൈൻ പ്ലാറ്റഫോമും സഹായകമാണ്. പരിശീലനത്തിൽ ടെറസിലെ കൃഷിരീതികൾ, പോട്ടിംഗ് മിശ്രിതം തയ്യാറാക്കുന്ന വിധം,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കീടരോഗ നിയന്ത്രണം, ജലസേചന സംവിധാനങ്ങൾ, നൂതന കൃഷിരീതികളായ ഹൈഡ്രോപോണിക്സ് തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ നൽകുന്നു. 'മട്ടുപ്പാവ് കൃഷി' എന്ന വിഷയത്തിൽ അടുത്ത ബാച്ചുകളിലേക്കുള്ള പരിശീലനം മാർച്ച് 10-സോയിൽ മ്യൂസിയം പാറോട്ടുകോണം, മാർച്ച് 13-ന് ആർ. എ. റ്റി. റ്റി. സി കഴക്കൂട്ടം, മാർച്ച് 17-ന് സി. അച്യുതമേനോൻ ഫൗണ്ടേഷൻ പൂജപ്പുര, എന്നിവിടങ്ങളിൽ വെച്ച് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും caittvellayani@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ 8891540778 എന്ന ഫോൺ നമ്പറിലോ (9 മുതൽ 5 മണി വരെ) ബന്ധപ്പെടാവുന്നതാണ്.

2. കേരള വെറ്ററിനറി യൂണിവേഴ്സിറ്റി ഗോട്ട് & ഷീപ്പ് ഫാം, മണ്ണുത്തിയിൽ വച്ച് ആട് ഫാമിങ്ങ്-ഭാവിയുടെ ബിസിനസ് – നൂതന സാങ്കേതികവിദ്യകളേയും രോഗപ്രതിരോധ മാർഗ്ഗങ്ങളേയും പരിചയപ്പെടുത്തുന്ന ഏകദിന പരിശീലനം 17.03.2026 ന് രാവിലെ 9 മുതൽ വൈകീട്ട് 5 വരെ സംഘടിപ്പിക്കുന്നു. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9447796219 എന്ന മൊബൈൽ നമ്പറിലോ 0487-

2961100 എന്ന ലാൻഡ് ഫോൺ നമ്പറിലോ ബന്ധപ്പെടുക. രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയതി 15.03.2026 വൈകിട്ട് 5 മണി വരെ.

## കാർഷിക നിർദേശം

3. കമുകിന്റെ ഒരു പ്രധാന പ്രശ്നമാണ് മഞ്ഞളിപ്പ്. ഇത് പല കാരണങ്ങളാൽ ഉണ്ടാകാം. മഴക്കാലത്തെ നീർവാർച്ച ഇല്ലാത്തതാണ് പ്രധാന കാരണം. മണ്ണിൽ നൈട്രജൻ, പൊട്ടാഷ്, മഗ്നീഷ്യം എന്നിവയുടെ അഭാവം മഞ്ഞളിപ്പിന് ഇടയാക്കും. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ചിട്ടയായ പരിചരണത്തിലൂടെ മഞ്ഞളിപ്പ് മാറ്റിയെടുക്കാം. എല്ലാവർഷവും ഓരോ തടത്തിലും അരകിലോ ഗ്രാം വീതം കുമ്മായം 100 ഗ്രാം മഗ്നീഷ്യം,100 ഗ്രാം മൈക്രോന്യൂട്രിയന്റ് ഫുഡ് എന്നിവ ചേർക്കുന്നത് നന്നായിരിക്കും.

4. മരച്ചീനിയിലെ ഇലകരിച്ചിൽ രോഗം ഒഴിവാക്കാൻ രോഗപ്രതിരോധശേഷിയുള്ള ഇനങ്ങൾ കൃഷിചെയ്യുക. ഈ രോഗത്തിനെതിരെ ഒരു പരിധി വരെ പ്രതിരോധശേഷിയുള്ള ഇനങ്ങളാണ് H-97, H-226, H-1687, H-2304 എന്നിവ.